# പതിനൊന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

2003 ജൂൺ 16-ാം തീയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

**(1) ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**
**(2) സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുള്ള ആസൂത്രണ കമ്മീഷൻ നിർദ്ദേശങ്ങൾ**
**(3) മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പങ്കാളിത്തം**
**(4) മാറാട് കലാപം**
**(5) സബ് ഇൻസ്പെക്ടർ നിയമനത്തിനായി നടത്തിയ പരീക്ഷയിലെ ക്രമക്കേടുകൾ**
**(6) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യാൻ നടപടി**
**(7) ഭരണ നവീകരണ പരിപാടികൾ**
**(8) സമ്പൂർണ്ണ ശുചിത്വപദ്ധതി**
**(9) യാചകശല്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ**
**(10) കേരള സിവിൽ സർവ്വീസ് രൂപീകരണം**
**(11) തീരദേശ പോലീസ് സേന രൂപീകരിക്കാൻ നടപടി**
**(12) പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടു ചെയ്യുന്ന ഒഴിവുകളുടെ എണ്ണം**
**(13) മാറാട് സമാധാനം ഉറപ്പുവരുത്തുവാനുള്ള നടപടി**
**(14) കോളേജ് കാമ്പസുകളിലെ രാഷ്ട്രീയ നിരോധനം**
**(15) സഞ്ചിത നിധിയിൽനിന്ന് ഗ്രാന്റ് വാങ്ങുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം**
**(16) റിമാന്റ് തടവുകാരെ ജയിലിൽ വച്ചുതന്നെ വിചാരണ ചെയ്യാൻ നടപടി**
**(17) സ്ഫോടന പരമ്പര സൃഷ്ടിക്കുവാൻ ഗൂഢാലോചന നടത്തിയത് സംബന്ധിച്ച വിവരം**
**(18) പി.എസ്.സി. ഓഫീസുകളുടെ കമ്പ്യൂട്ടർവർക്കരണ നടപടി**
**(19) പി.എസ്.സി. ഫാറം സൗജന്യമായി നൽകുന്നതിന് നടപടി**
**(20) ക്ലീൻ കേരള പദ്ധതി**
**(21) ഹൈപ്പറ്റൈറ്റിസ് 'ബി' വാക്സിനേഷൻ ആരോഗ്യവകുപ്പുവഴി നൽകുന്നതിന് നടപടി**
**(22) മാറാട് സംഭവത്തെക്കുറിച്ചുള്ള അന്വേഷണംമാർജിൻ മണി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**
**(23) വിദേശസഹായം ലഭിക്കുന്ന മത തീവ്രവാദ സംഘടനകൾ**
**(24) സ്ഫോടനം നടത്താനുള്ള പദ്ധതി**
**(25) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ചികിൽസാ സഹായങ്ങൾ മെച്ചപ്പെടുത്താൻ ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾനദികളെ കൂട്ടിയിണക്കുന്ന പദ്ധതി**
**(26) വൈറസ് ബാധമൂലം ഉാകുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**
**(27) മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഉാകുന്ന ഒഴിവുകൾ കണക്കാക്കുന്നതിനും നികത്തുന്നതിനുമുള്ള നടപടികൾ**
**(28) ഡോക്ടർ സ്വാമിനാഥൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ**

## ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ

1. ശ്രീ. എൻ. രാജൻ :
ശ്രീ. പി. നാരായണൻ :

ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ക്ഷയരോഗം ബാധിച്ച എത്ര പേരുണ്ട്; ഇവർക്ക് നൽകുന്ന ചികിൽസാ സഹായങ്ങൾ എന്തെല്ലാം;

(സി) ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് സ്വകാര്യ മേഖലയുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്. സംസ്ഥാനത്ത് ക്ഷയരോഗ നിയന്ത്രണത്തിനായി 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള പുതുക്കിയ ക്ഷയരോഗ നിയന്ത്രണ (ആർ.എൻ.റ്റി.സി.പി.) പരിപാടിയും 50% കേന്ദ്ര സഹായത്തോടുകൂടിയുള്ള ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയും നടപ്പാക്കിവരികയാണ്.

പുതിയതായി രോഗബാധിതരാകുന്നവരെ കണ്ടെത്തി ചികിത്സിച്ച് സുഖപ്പെടുത്തുക, 3 ആഴ്ചയിൽ കൂടുതൽ ചുമഉള്ള ആളുകളെ നിർബന്ധിത കഫപരിശോധനയ്ക്ക് വിധേയരാക്കുക, രോഗബാധിതർക്ക് ഡോട്ട് ചികിത്സ നൽകുക (ഡയറക്ട് ഒബ്സർവേഷൻ തെറാപ്പി) ആർ.എൻ.റ്റി.സി.പി. യുടെ ഗുണഫലങ്ങൾ എല്ലാ ആളുകൾക്കും ലഭ്യമാക്കുക, ശരിയായ നിലയിൽ പ്രോഗ്രാം നടത്തിപ്പിനെ വിലയിരുത്തുക, വ്യാപകമായ പ്രചരണ പരിപാടികൾ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഈ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് 2002 വർഷം 23,923 പേർക്ക് ക്ഷയരോഗബാധ ഉള്ളതായി കണ്ടുപിടിക്കുകയും സൗജന്യമായി 'ഡോട്ട് ' ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഇപ്പോൾ സംസ്ഥാനത്തെ 73 സാമൂഹ്യ സന്നദ്ധ സംഘടനകൾ പുതുക്കിയദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. റോട്ടറി ഇന്റർ നാഷണൽ, നെഹ്റു യുവ കേന്ദ്രം, കുടുംബശ്രീ, മഹിളാ സ്വസ്ത് മുതലായ സംഘടനകൾ ഇതിൽപ്പെടുന്നു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹകരണത്തോടുകൂടി കണ്ണൂർ, കൊല്ലം ജില്ലകളിൽ എല്ലാ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലും 'ഡോട്ട്' ചികിത്സ ലഭ്യമാക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ 334 സ്ഥാപനങ്ങൾ ചികിത്സാ കേന്ദ്രങ്ങളായും മൈക്രോസ്കോപ്പിക് കേന്ദ്രങ്ങൾ ആയും പ്രവർത്തിക്കുന്നുണ്ട്.

## <u>സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുള്ള ആസൂത്രണ കമ്മീഷൻ നിർദ്ദേശങ്ങൾ</u>

2. ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് ആസൂത്രണ കമ്മീഷൻ എന്തെങ്കിലും ശുപാർശകളോ നിർദ്ദേശങ്ങളോ ഗവൺമെന്റിന്റെ പരിഗണനയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയെന്തെന്ന് വിശദീകരിക്കാമോ;

(സി) ഈ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) ആന്റ് (ബി) 2003 മേയിൽ മുഖ്യമന്ത്രി പ്ളാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനുമായി നടത്തിയ ചർച്ചയിൽ സംസ്ഥാനത്തിന്റെ വികസനത്തെ സംബന്ധിച്ച് വിവിധ

പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. ഗവൺമെന്റിന്റെ പരിഗണനയ്ക്കായി പ്ളാനിംഗ് കമ്മീഷൻ സമർപ്പിച്ച ശുപാർശകളിലും, നിർദ്ദേശങ്ങളിലും പ്രധാനപ്പെട്ടവ, നിക്ഷേപം വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സാംപത്തിക അച്ചടക്കം പാലിക്കുക, നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുക, കെ.എസ്.ആർ.ടി.സി., വാട്ടർ സപ്ളൈ എന്നീ മേഖലകളിലെ യൂസർ ചാർജ്ജ് വർദ്ധിപ്പിക്കുക, പരിഷ്ക്കരണ നടപടികൾ തുടർന്നു കൊണ്ടു പോവുക തുടങ്ങിയവയാണ്. വിശദ വിവരങ്ങൾ അനുബന്ധം-I ൽ നൽകിയിരിക്കുന്നു.

(സി) നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് മന്ത്രിസഭയുടെ അറിവിലേയ്ക്കായി സമർപ്പിക്കുകയും 2003-മേയ് 28-ൽ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ പഠിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അടുത്ത വർഷത്തെ (2004-05) വാർഷിക പദ്ധതി തയ്യാറാകുംപോൾ ആസൂത്രണ കമ്മീഷൻ ചൂണ്ടിക്കാട്ടിയ പ്രധാന നിർദ്ദേശങ്ങൾ ആസുത്രണ ബോർഡ് പരിഗണിക്കുന്നതാണ്.

## <u>മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പങ്കാളിത്തം</u>

3. ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളിലാണ് ഇതിനകം സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുള്ളത്;

(ഡി) സ്വകാര്യ പങ്കാളിത്തത്തോടെ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) സ്വകാര്യ സംരംഭകർ രോഗികളിൽനിന്നും ഈടാക്കുന്ന ഫീസ് വിനിയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ പരിപാലനരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി താഴെപ്പറയുന്ന വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത സംരംഭകർക്കും പങ്കാളിത്തമുള്ളവർക്കും ബി.ഒ.ടി. (Build and Operate and Transfer) അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യമുണ്ടാക്കുന്നവർക്കും, ബൂം (Build Operate Own and Maintain) പാർട്ടനർമാർക്കും സർക്കാർ ഭൂമി നൽകും. ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ആശുപത്രിക്കാവശ്യമായ പാരാമെഡിക്കൽ സൗകര്യങ്ങൾ, ആരോഗ്യ പരിപാലന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് സ്വകാര്യ നിക്ഷേപകർക്ക് അനുവാദമുണ്ടായിരിക്കും.

(സി) എല്ലാ മെഡിക്കൽ കോളേജുകളിലും സ്പോൺസേഴ്സ് മീറ്റ് സംഘടിപ്പിക്കുകയും ഇതനുസരിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും വ്യാപാരമേഖലകളിൽ നിന്നും വാഗ്ദാനങ്ങൾ ലഭിക്കുകയുമുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടന്നുവരുന്നതേയുള്ളൂ.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിലെ സൂപ്പർസ്പെഷ്യാലിറ്റി ബ്ളോക്കുകൾ, സാധാരണവാർഡുകൽ, ഡീലക്സ് പേവാർഡുകൾ, ആശുപത്രി മാലിന്യ നിർമാർജ്ജനരീതി, രോഗനിർണ്ണയ സൗകര്യങ്ങൾ, രോഗികൾക്കു കൂട്ടിരിക്കുന്നവരുടെ താമസ സൗകര്യങ്ങൾ എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ഇ) സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച വിശദമായ പഠനം നടന്നു വരുന്നതേയുള്ളു. സ്വകാര്യ സംരംഭകരെ ഫീസ് ഈടാക്കുവാൻ അനുവദിക്കുന്നതു സംബന്ധിച്ച് ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

## മാറാട് കലാപം

4. ശ്രീ. ടി. കെ. ബാലൻ :

ശ്രീ. പി. ജയരാജൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് നടന്ന കലാപത്തിന് മുൻപ് സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിൽനിന്നോ തമിഴ്നാട് ഇന്റലിജൻസ് വിഭാഗത്തിൽനിന്നോ സംസ്ഥാന സർക്കാരിന് വല്ല മുന്നറിയിപ്പും ലഭിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നുവോ;

(സി) മാറാട് സംഭവം വർഗ്ഗീയ സംഘർഷമല്ലായെന്ന് ഡി.ജി.പി. പ്രഖ്യാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഡി.ജി.പി. യുടെ പ്രഖ്യാപനം സർക്കാരിന്റെ നിലപാട് തന്നെയാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) മാറാട് കലാപത്തിൽ മരിച്ചവർ എത്ര പേരാണ്;

(എഫ്) കലാപത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ തോത് എത്രയാണ് എന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) തമിഴ്നാട് ഇന്റലിജൻസ് വിഭാഗത്തിൽ നിന്നും മുന്നറിയിപ്പൊന്നും ലഭിച്ചിരുന്നില്ല. 3-1-2002-ന് നടന്ന മാറാട് കലാപത്തിന്റെ ഒന്നാം വാർഷികത്തിന് വീണ്ടും കലാപം ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാന ഇന്റലിജൻസ് വിഭാഗം കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.

(ബി) സ്വീകരിച്ചിരുന്നു. പ്രസ്തുത പ്രദേശത്ത് നിന്തരം പോലീസ് പട്രോളിംഗും പോലീസ് പിക്കറ്റുകളും ഏർപ്പെടുത്തിയിരുന്നു.

(സി) & (ഡി) മാറാട് സംഭവം വർഗ്ഗീയ കലാപമല്ലെന്ന് ഡി. ജി. പി. ഓദ്യോഗികമായി അറിയിച്ചിട്ടില്ല.

(ഇ) 9 പേർ

(എഫ്) ഉദ്ദേശം 45,32,400 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കുന്നു.

## സബ് ഇൻസ്പെക്ടർ നിയമനത്തിനായി നടത്തിയ പരീക്ഷയിലെ ക്രമക്കേടുകൾ

5. ശ്രീമതി രാധാ രാഘവൻ :

ശ്രീ. എ. സുജനപാൽ :

ശ്രീ. എൻ. ശക്തൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്ഇൻസ്പെക്ടർ നിയമനത്തിന് നടത്തിയ പരീക്ഷയിൽ ക്രമക്കേടുകളും അഴിമതിയും നടന്നതായി പി.എസ്.സി.ക്കോ, ഗവൺമെന്റിനോ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണം വിശദീകരിക്കുമോ;

(ഡി) സബ് ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അഴിമതിയാരോപണത്തിൽ പി. എസ്. സി. ചെയർമാനും അംഗങ്ങൾക്കും എന്തെങ്കിലും പങ്കുണ്ടോ എന്ന് അന്വേഷിക്കുമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആൻണി (മുഖ്യമന്ത്രി) :-**

(എ) സബ്ഇൻസ്പെക്ടർ നിയമനത്തിന് പി.എസ്.സി. നടത്തിയ പരീക്ഷ സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി), (സി) & (ഡി) പ്രസ്തുത പരാതികൾ സംബന്ധിച്ച വസ്തുതകൾ ലഭ്യമാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് പി.എസ്.സി.യിൽ നിന്നും ലഭിച്ച മറുപടി സർക്കാർ പരിശോധിച്ച് വരുകയാണ്.

## തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ റബറൈസ് ചെയ്യാൻ നടപടി

6. ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. കെ. കെ. ഷാജു :

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ റബറൈസ് ചെയ്യാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ റോഡുകളുടെ ആയുർദൈർഘ്യം കൂട്ടുന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) &(ബി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് റോഡുകൾ ഒന്നും തന്നെ ഇല്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ അവർക്ക് ആവശ്യമാണെങ്കിൽ റബറൈസ് ചെയ്യാവുന്നതാണ്.

(സി) റോഡുകൾ റബറൈസ് ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്.

## ഭരണ നവീകരണ പരിപാടികൾ

7. ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. കെ. ബാബു :

ശ്രീ. തിരുവഞ്ചൂർ. രാധാകൃഷ്ണൻ :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ നവീകരണ നടപടികളുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി തസ്തികകളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തസ്തികകൾ വെട്ടിക്കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; തസ്തികകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ആരെങ്കിലും പിരിച്ചുവിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) ഭരണ നവീകരണ പരിപാടികളുടെ ഭാഗമായി നടപ്പാക്കേണ്ട ഉദ്യമങ്ങൾ സർക്കാർ പരിഗണിച്ചു വരുന്നതേയുള്ളൂ. അന്തിമതീരുമാനം ആയിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

## സമ്പൂർണ്ണ ശുചിത്വപദ്ധതി

8. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സമ്പൂർണ്ണ ശുചിത്വപദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി;

(ബി) സംസ്ഥാന വ്യാപകമായി ശുചിത്വ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിപ്രകാരം ശുചിത്വപാലനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന വ്യപകമായി ഗ്രാമ പ്രദേശങ്ങളിൽ നടപ്പാക്കുന്നുണ്ട്.

(സി) ഗ്രാമീണ മേഖലയിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കക്കൂസുകൾ, അംഗനവാടികൾക്ക് കക്കൂസുകൾ, സ്കൂളുകൾക്ക് ടോയിലറ്റ് കോംപ്ളക്സുകൾ, തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വനിതകൾക്ക് ശുചിത്വ സൗകര്യങ്ങൾക്കുവേണ്ടി സാനിട്ടറി കോംപ്ളക്സുകൾ നിർമ്മിക്കുക, ഗ്രാമീണ ജനതയ്ക്ക് ശുചിത്വ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാമഗ്രികളും സാങ്കേതിക ഉപദേശവും സഹായവും നൽകുന്നതിന് ഉതകുന്ന തരത്തിലുള്ള റൂറൽ സാനിറിമാർട്ടുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന നടപടികൾ

(ഡി) 2003 മേയ് 31 വരെ ത്രിതല പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടെ 28.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## യാചകശല്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ

9. ശ്രീ. സി. മമ്മൂട്ടി :

ശ്രീ. ടി. പി. എം. സാഹിർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാചകനിരോധനമേഖലയായി പ്രഖ്യാപിച്ചിട്ടുള്ള നഗരങ്ങൾ ഏതെല്ലാം;

(ബി) ഇതനുസരിച്ച് യാചകശല്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) യാചകശല്യം ഒഴിവാക്കിയ സ്ഥലങ്ങളിൽ വീണ്ടും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ഡി) നഗരങ്ങളിൽ പ്രത്യേകിച്ചും തലസ്ഥാനനഗരത്തിൽ യാചക ശല്യം പെരുകിവരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ ഒരു നഗരസഭയും യാചക നിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) തലസ്ഥാന നഗരത്തിൽ യാചകരുടെ എണ്ണം വർദ്ധിക്കാൻ കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള യാചകരുടെ നിലയ്ക്കാത്ത പ്രവാഹമാണ്. ബസ് വഴി യും ട്രെയിൻ വഴിയും തിരുവനന്തപുരം നഗരത്തിൽ എത്തിചേരുവാനുള്ള സൗകര്യവും കേരളീയരുടെ ദാനശീലവും യാചക പ്രവാഹത്തിന് കാരണമാകുന്നുണ്ട്.

## <u>കേരള സിവിൽ സർവ്വീസ് രൂപീകരണം</u>

10. ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സിവിൽ സർവ്വീസ് സംസ്ഥാനത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) കേരള സിവിൽ സർവ്വീസിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കേരള സിവിൽ സർവ്വീസ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമൂലം ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സംഘടനകളുമായി, കേരള സിവിൽ സർവ്വീസ് നടപ്പാക്കുന്നതിന് മുമ്പ് ചർച്ച ചെയ്യാൻ സന്നദ്ധമാവുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ. ആൻണി (മുഖ്യമന്ത്രി) :-**

(എ), (ബി), (സി) & (ഡി) നിലവിലുള്ള ഭരണ സംവിധാനം സുഗമവും കാര്യക്ഷമവും ആക്കുന്നതിനുവേണ്ടി ശുപാർശകൾ സമർപ്പിക്കാൻ രൂപീകരിച്ച കേരള ഭരണ പരിഷ്ക്കാര സമിതി സർക്കാരിന് സമർപ്പിച്ച ഒൻപതാമസ് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച ശുപാർശകൾ ഉണ്ട്. ഇതു സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു.

(ഇ) തീരുമാനമെടുക്കുന്ന ഘട്ടത്തിൽ ആവശ്യമെന്നുകണ്ടാൽ ചർച്ച ചെയ്യുന്നതാണ്.

## <u>തീരദേശ പോലീസ് സേന രൂപീകരിക്കാൻ നടപടി</u>

11. ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പോലീസ് സേന രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം:-**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) തീരദേശ സംരക്ഷണത്തിനായി സംസ്ഥാന പോലീസിന്റെ ഭാഗമായി ''കോസ്റ്റൽ പോലീസ്'' എന്ന പേരിൽ ഒരു ജനവിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(ബി) തീരദേശ പ്രദേശങ്ങളിൽ പോലീസിന്റെ പ്രവർത്തനങ്ങളും പട്രോളിംഗും നടത്തുന്നതിന് നിലവിലുള്ള സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുക എന്നുള്ളതാണ് കോസ്റ്റൽ പോലീസ് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യം.

(സി) സംസ്ഥാനത്ത് 12 തീരദേശ ജില്ലകളിലായി 12 കോസ്റ്റൽ പോലീസ് യൂണിറ്റുകൾ രൂപീകരിക്കാനുള്ള നിർദ്ദേശമാണ് പരിശോധിച്ചു വരുന്നത്. ഓരോ കോസ്റ്റൽ പോലീസ് യുണിറ്റിന്റെയും അധികാര പരിധി അതാത് ജില്ലകളിലെ തീരപ്രദേശങ്ങൾക്കായിരിക്കും.

(ഡി) യും (ഇ)യും

തീരദേശ സംരക്ഷണത്തിനായി സംസ്ഥാന പോലീസിന്റെ ഭാഗമായി

'' കോസ്റ്റൽപോലീസ്'' എന്ന പേരിൽ ഒരു സേനാവിഭാഗം രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 12 തീരദേശ ജില്ലാകളിലായി 12 കോസ്റ്റൽ പോലീസ് യൂണിറ്റുകൾ രൂപീകരിക്കാനുള്ള നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഏകദേശം 12 കോടി രൂപ ചെലവ് വരുമെന്നും കണക്കാക്കിയിട്ടുണ്ട്.

## പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടു ചെയ്യുന്ന ഒഴിവുകളുടെ എണ്ണം

**12.** ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി.സി. ജോർജ്:

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട്ചെയ്യുന്ന ഒഴിവുകളുടെ എണ്ണം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കുറഞ്ഞു വരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ശരാശരി എത്ര ഒഴിവുകളാണ് പ്രതിവർഷം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്തരുതെന്ന് വിവിധ സർക്കാർ വകുപ്പുകൾ പി.എസ്..സിക്ക് കത്ത് നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്കാരണം പി.എസ്.സി. അഡ്വൈസ് ലഭിച്ചവർക്കുപോലും നിയമനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർക്കാർ വകുപ്പ് തലവൻമാർ വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദാക്കണമെന്ന് പി.എസ്.സിയോട് ആവശ്യപ്പെട്ടിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പി.എസ്.സി. വഴിയുള്ള നിയമനനിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് പുതിയ നിയമനങ്ങൾ നടത്തുന്നതിന് സെക്രട്ടറി തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം ലഭിക്കുന്നതിനും ഒഴിവുകൾ പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യുന്നതിനും സർക്കാർ രൂപീകരിച്ച സെക്രട്ടറിതല സമിതിയുടെ അനുമതി വേണമെന്ന സർക്കാർ തീരുമാനംമൂലം അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് വർഷങ്ങളായി നിയമനം ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ജെ) സെക്രട്ടറിതല സമിതിയുടെ അനുമതിക്കായി ഇതിനകം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി എത്ര ഫയലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ആന്റ് (ബി)

സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരുടെ പുനർ വിന്യാസ നടപടിമൂലം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 26443 ഒഴിവുകൾ

(ഡി), (ഇ) & (എഫ്)

ഇല്ല. എങ്കിലും അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ജി) & (എച്ച്)

നിയമന നിരോധനം നിലവിലില്ല. സർക്കാർ വകുപ്പുകളിൽ ഉള്ള അധിക ജീവനക്കാരെ കണ്ടെത്തി പുനർവിന്യാസ നടപടികൾ നടന്നു വരുന്നതിനാൽ പുതിയ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുൻപ് 16.1.02ലെ ജി.ഒ.(പി)56/2002/ഫിൻ നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായിട്ടുള്ള കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. 11.12.2002 ലെ സ.ഉ(പി)758/2002/ഫിൻ പ്രകാരം പി.എസ്.സി അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകളുടെ ലഭ്യതയനുസരിച്ച് നിയമനം നൽകുവാനും ഉത്തരവായിട്ടുണ്ട്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) ഏകദേശം 2555 ഫയലുകൾ

## മാറാട് സമാധാനം ഉറപ്പുവരുത്തുവാനുള്ള നടപടി

13. ശ്രീമതി. പി.കെ. ശ്രീമതി. ടീച്ചർ:

ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മേയ് 2-ന് മാറാട് നടന്ന വർഗ്ഗീയ സംഘട്ടനത്തെ തുടർന്ന് പ്രസ്തുത പ്രദേശത്ത് സമാധാനം ഉറപ്പുവരുത്തുന്നതിനും വീടൊഴിഞ്ഞു പോയവരുടെ പുനരധിവാസത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർവ്വകക്ഷിയോഗം വിളിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത യോഗത്തിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുത്തുവെന്ന് പറയാമോ;

(ഡി) മാറാട് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉപസമിതിയെ നിയമിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) മാറാട് സംഭവത്തെ തുടർന്ന് വീടൊഴിഞ്ഞ് പോയ 500 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

**(എ) മാറാട് പ്രദേശത്ത് സമാധാനം ഉറപ്പുവരുത്തുന്നതിനായി 3 ഡി.വൈ.എസ്.പി./സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 6 എസ്.ഐ/എ.എസ്.ഐ. 350 എച്ച്.സി/പി.സി. എന്നിവരെയും ഉൾപ്പെടുത്തി 18 പോലീസ് പോസ്റ്റുകളും 3 ഫുട്ട് പട്രോളും, 3 മൊബൈൽ പട്രോളും ഏർപ്പെടുത്തി നിതാന്ത ജാഗ്രത പാലിച്ചും, വീട് ഒഴിഞ്ഞുപോയി തിരിച്ചുവന്നു താമസിക്കുന്നവർക്ക് സുരക്ഷിതത്വം നൽകിയും വരുന്നുണ്ട്. കൂടാതെ പ്രസ്തുത പ്രദേശത്ത് സമാധാനം ഉറപ്പുവരുത്തുന്നതിനായി കോഴിക്കോട് ജില്ലാകളക്ടറേറ്റിൽ 6.6.2003ന് സർവ്വകക്ഷിയോഗവും വിളിച്ചിരുന്നു.**

(ബി) വളിച്ചിരുന്നു.

**(സി) പ്രസ്തുത യോഗത്തിൽ കോൺഗ്രസ്സ് (ഐ); കോൺഗ്രസ്സ് (എസ്); കേരളാ കോൺഗ്രസ്സ് (ജെ); കേരളാ കോൺഗ്രസ് (ബി); സി.പി.ഐ(എം); സി.പി.ഐ; എൻ.സി.പി.; ജനതാദൾ; ഐ.യു.എം.എൽ; ഐ.എൻ.എൽ; സി.എം.പി;**

**സമതാപാർട്ടി(എസ്) എന്നി രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുത്തു.**

(ഡി) ഉണ്ട് 28..5..2003–ലെ മന്ത്രിസഭാ തീരുമാനപ്രകാരം ഉപസമിതിയെ നിയോഗിച്ചുകൊണ്ട് 4..6..2003ൽ ഉത്തരവ് പുറപ്പെടുവിച്ചു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

## കോളേജ് കാമ്പസുകളിലെ രാഷ്ട്രീയ നിരോധനം

14. ഡോക്ടർ തോമസ് ഐസക്:

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ:

ശ്രീ. പി.സി. ജോർജ്:

ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ രാഷ്ട്രീയം നിരോധിക്കാൻ മാനേജ്മെന്റിന് അവകാശമുണ്ടെന്ന കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജ് കാമ്പസുകൾ രാഷ്ട്രീയ വിമുക്തമാക്കണമെന്ന ഹൈക്കോടതി വിധി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഡി) കോളേജ് കാമ്പസുകളിൽ രാഷ്ട്രീയം നിരോധിക്കാനുള്ള ഹൈക്കോടതി വിധി ഇൻഡ്യൻ ഭരണഘടന പൗരൻമാർക്ക് ഉറപ്പുനൽകിയിട്ടുള്ള മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) (സി) (ഡി)

സർക്കാർ കേസിൽ കക്ഷിയായിരുന്നില്ല. കോടതി വിധിക്കെതിരെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള റിവ്യൂ ഹർജികൾ കോടതിയുടെ മുൻപിൽ ഇപ്പോഴുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ആയതിനാൽ സർക്കാർ ഒരു നിലപാട് പ്രഖ്യാപിക്കുന്നത് ഉചിതമല്ല എന്ന് കരുതുന്നു.

## സംഞ്ചിത നിധിയിൽനിന്ന് ഗ്രാന്റ് വാങ്ങുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം

15. ശ്രീ. കെ.സി. വേണുഗോപാൽ:

ശ്രീ. എൻ.ഡി. അപ്പച്ചൻ:

ശ്രീ. വി.ഡി. സതീശൻ:

ശ്രീ. ഡി. സുഗതൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഞ്ചിതനിധിയിൽനിന്നും ഗ്രാന്റോ ലോണോ വാങ്ങുന്ന സ്വകാര്യ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ബി) ഇപ്പോൾ ഇത്തരത്തിൽപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ബാധകമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ആവശ്യം ഉയർന്നിട്ടുണ്ട്.

(ബി) & (സി) ഇല്ല.

## റിമാന്റ് തടവുകാരെ ജയിലിൽ വച്ചുതന്നെ വിചാരണ ചെയ്യാൻ നടപടി

16. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത സമയത്ത് തടവുകാരെ കോടതിയിൽ ഹാജരാക്കാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് അവരെ കോടതിയിൽ ഹാജരാക്കാത്തത് എന്ന് വെളിപ്പെടുത്താമോ;

(സി) റിമാന്റ് തടവുകാരെ ജയിലിൽ വച്ചുതന്നെ വിചാരണ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.

(ബി) ആവശ്യമായ പോലീസ് നടപടി ലഭിക്കാത്തതിനാലാണ്.

(സി) ഉണ്ട്.

(ഡി) റിമാന്റ് തടവുകാരെക്കൂടാതെ ജയിലിൽ വച്ചുതന്നെ വിചാരണ നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് എന്ന നൂതന സാങ്കേതിക വിദ്യ പ്രധാനപ്പെട്ട ജയിലുകളിൽ ഏർപ്പെടുത്തുവാൻ സർക്കാർ പ്രാധമിക നടപടികൾ എടുത്തിട്ടുണ്ട്.

## സ്ഫോടന പരമ്പര സൃഷ്ടിക്കുവാൻ ഗൂഢാലോചന നടത്തിയത് സംബന്ധിച്ച വിവരം

17. ശ്രീ. കെ.സി. ജോസഫ്:
ശ്രീ. കെ. ബാബു:
ശ്രീ. എ. സുജനപാൽ:
ശ്രീ. എൻ. ശക്തൻ:
ശ്രീമതി. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഫോടന പരമ്പര സൃഷ്ടിക്കുവാൻ സിമിയുടെയും ലഷ്കർ-ഇ-തോയ്ബയുടേയും പ്രവർത്തകർ ഗൂഢാലോചന നടത്തിയതായി എന്തെങ്കിലും അറിവു ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മഹാരാഷ്ട്ര പോലീസ് സംസ്ഥാന പോലീസിന് എന്തെങ്കിലും വിവരം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) യും (ബി)യും (സി)യും

കേരളത്തിൽ ചില സ്ഥലങ്ങളിൽ സ്ഫോടനങ്ങൾ നടത്തുവാനുള്ള സാധ്യതകളെപ്പറ്റി ലഷ്കർ-ഇ.തോയ്ബയുടെ ഒരു നേതാവ് (ടി നേതാവ് മുംബൈ പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു) അന്വേഷണം നടത്തിയെന്ന വിവരം ലഭിച്ചതായി മുംബൈ പോലീസ് സംസ്ഥാന പോലീസിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രവും വിശദവുമായ അന്വേഷണം നടന്നുവരികയാണ്. അതിനാൽ അന്വേഷണത്തിന്റെ വിശദാംശം ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

## പി.എസ്.സി. ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടി

18. ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. ഓഫീസും ജില്ലാ ഓഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്ന നടപടി എപ്പോൾ പൂർത്തിയാകും;

(ബി) ഉദ്യോഗാർത്ഥികൾ അയയ്ക്കുന്ന അപേക്ഷകളിൻമേൽ സത്വര നടപടികൾ സ്വീകരിക്കാനും കാലതാമസം ഒഴിവാക്കാനുമായി കമ്പ്യൂട്ടറൈസേഷൻ എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) & (ബി)

പി.എസ്.സി.യുടെ കമ്പ്യൂട്ടറൈസേഷൻ ഘട്ടം ഘട്ടമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടം 2001 ജൂൺ മാസത്തിൽ പൂർത്തിയായി. രണ്ടാം ഘട്ടം നടന്നുവരുന്നു. മൂന്നാം ഘട്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളു. ഉദ്യോഗാർത്ഥികൾ അയയ്ക്കുന്ന അപേക്ഷകളിൽ ഒരു വർഷത്തിനുള്ളിൽ തീരുമാനമെടുക്കത്തക്ക രീതിയിൽ എത്രയും വേഗം കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പി.എസ്.സി. ഫാറം സൗജന്യമായി നൽകുന്നതിന് നടപടി

19. ശ്രീ. യു.സി. രാമൻ:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്:

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷാഫാറത്തിന്റെ മാതൃക അടുത്തകാലത്ത് പരിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പരിഷ്ക്കരിച്ച ഫാറത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി. ഫാറം ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) പരിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) പരിഷ്ക്കരിച്ച അപേക്ഷാഫാറത്തിന് ജനറൽ വിഭാഗത്തിന് പത്ത് രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അഞ്ചു രൂപയും ആയി നിശ്ചയിച്ചിരുന്നു. പിന്നീട് വില വർദ്ധിപ്പിച്ചിട്ടില്ല.

(സി) അപേക്ഷാഫാറം സൗജന്യമാക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## ക്ലീൻ കേരള പദ്ധതി

20. ശ്രീ. എം. കുമാരൻ:

ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പദ്ധതികൾ ഏതെല്ലാം;

(സി) ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാം;

(ഡി) അതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) & (ബി) ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും വേണ്ടി എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) ക്ലീൻ കേരള പദ്ധതി പ്രധാനപ്പെട്ട പഞ്ചായത്തുകളിലും ടൂറിസത്തിന് പ്രധാന്യമുള്ള പഞ്ചായത്തുകളിലും കൂടി നടപ്പിലാക്കി വരുന്നു.

(ഡി) ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും ഖരമാലിന്യ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് 2003-04 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും ഖരമാലിന്യ പ്ലാന്റിന്റെ മൂലധനച്ചെലവ് 2003-04, 2004-05 വാർഷിക പദ്ധതികളിലെ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഖരമാലിന്യ പ്രോജക്ടിന് വകയിരുത്തുന്ന പദ്ധതി വിഹിതം ഒഴിവാക്കിയ ശേഷം നഗരസഭകളുടെ 2003-04, 2004-05 വാർഷിക പദ്ധതി വിഹിതങ്ങളുടെ മേഖലാ വിഭജനം നടത്തിയാൽ മതിയെന്നും ഉത്തരവായിട്ടുണ്ട്.

## ഹൈപ്പറ്റൈറ്റിസ് 'ബി' വാക്സിനേഷൻ ആരോഗ്യവകുപ്പുവഴി നൽകുന്നതിന് നടപടി

21.. ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. കെ.കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ ഹൈപ്പറ്റൈറ്റിസ് 'ബി' വാക്സിനേഷൻ ക്യാമ്പുകൾ സംഘടിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും വ്യാപകമായ രീതിയിൽ ഹൈപ്പറ്റൈറ്റിസ് വാക്സിനേഷൻ നടപ്പാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ, സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പുവഴി എല്ലാവർക്കും വാക്സിനേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നിലവാരം കുറഞ്ഞ മരുന്നുകൾ അമിതവിലയ്ക്കു സാധാരണക്കാരിൽ അടിച്ചേൽപ്പിക്കപ്പെടുന്നതു തടയാൻ സ്വകാര്യ വാക്സിനേഷൻ ക്യാമ്പുകൾ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) റോട്ടറി, ലയൺസ് ക്ളബ്ബ്, റസിഡൻഷ്യൽ അസ്സോസിയേഷൻ മുതലായ നോൺഗവൺമെന്റൽ ഓർഗനൈസേഷനുകളുടെ നേതൃത്വത്തിൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകുന്ന ക്യാമ്പുകൾ ചില സ്ഥലങ്ങളിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില പഠനങ്ങൾ സൂചിപ്പിക്കുന്നത് നമ്മുടെ നാട്ടിൽ സാധാരണ ജനങ്ങളിൽ 3 ശതമാനമോ അതിൽ കൂടുതലോ ആളുകൾ ഈ രോഗബാധയുള്ളവരായിട്ടാണ്. ഈ രോഗത്തിന്റെ പ്രതിരോധ പരിപാടി എന്ന നിലയിൽ വാക്സിൻ വ്യാപകമായി നൽകുന്നത് അഭികാമ്യമാണ്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാക്സിനേഷൻ സംസ്ഥാനത്തുടനീളം സർക്കാർ ആശുപത്രികൾ വഴി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഹൈപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകുന്നതിന് ആരോഗ്യവകുപ്പ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശത്തിൽ വാക്സിൻ ലഭ്യത, ശരിയായ വയസ്സു തിരിച്ചുള്ള വാക്സിനേഷൻ പട്ടിക, എങ്ങിനെയാണ് വാക്സിൻ നൽകേണ്ടത്, ശീതീകരണ ശൃംഖല എങ്ങനെ നിലനിർത്തണം എന്നും, ഒരു മെഡിക്കൽ ഓഫീസറുടെ

നേരിട്ടുള്ള മേൽനോട്ടത്തിൽ മാത്രമേ ഇത്തരം കുത്തിവയ്പ്പു ക്യാമ്പുകൾ നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## മാറാട് സംഭവത്തെക്കുറിച്ചുള്ള അന്വേഷണം

22. ശ്രീ. എം.വി. ജയരാജൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മേയ് 2-ന് 9 പേരുടെ മരണത്തിനിടയാക്കിയ മാറാട് സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതുരീതിയിലുള്ള അന്വേഷണമാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയാക്കി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) മാറാട് സംഭവത്തെക്കുറിച്ച് ജൂഡിഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ജൂഡിഷ്യൽ അന്വേഷണം നടത്താൻ സിറ്റിംഗ് ജഡ്ജിയെ വിട്ടുതരണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) പോലീസ് 41 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്.

(ബി) രജിസ്റ്റർ ചെയ്ത 41 കേസ്സുകളിൽ 2 കേസ്സുകൾ ക്രൈംബ്രാഞ്ചും 39 കേസുകൾ ലോക്കൽ പോലീസുമാണ് അന്വേഷിച്ചുവരുന്നത്.

(സി) കേസുകൾ എല്ലാം അന്വേഷണാവസ്ഥയിലാണ്.

(ഡി) തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതരാൻ പ്രയാസമാണെന്ന് അറിയിച്ചിട്ടുണ്ട്.

## മാർജിൻ മണി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

23. ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ ബോർഡിന് കീഴിൽ നടപ്പാക്കുന്ന മാർജിൻ മണി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ആർക്കെല്ലാമാണ് സാമ്പത്തികസഹായം നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) സാമ്പത്തികസഹായം എത്ര തുകയ്ക്കുള്ള പ്രോജക്ടുകൾക്കാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇതിൽ സംരംഭകരുടെ വിഹിതം എത്ര;

(ഇ) വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസി വഴിയാണ് എന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. സി.എഫ് തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) :-**

(എ) ഗ്രാമീണ മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുക, ഗ്രാമീണമേഖലയിലെ തൊഴിൽരഹിതരായ യുവാക്കളുടെ സംരംഭകത്വ കഴിവുകൾ വികസിപ്പിക്കുക, ഗ്രാമീണ

വ്യവസായവൽക്കരണം നടപ്പിലാക്കുക, ഖാദികമ്മിഷന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ധനകാര്യസ്ഥാപനങ്ങളുടെ വിഭവശേഷി പ്രയോജനപ്പെടുത്തുക

(ബി) വ്യക്തികൾ, സഹകരണസ്ഥാപനങ്ങൾ, ചാരിറ്റബിൾ സംഘങ്ങൾ, ട്രസ്റ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവർക്കാണ് മാർജിൻ മണി പദ്ധതിപ്രകാരം സാമ്പത്തികസഹായം നൽകുന്നത്.

(സി) 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്കാണ് സാമ്പത്തികസഹായം നൽകുന്നത്.

(ഡി) പ്രോജക്ടു തുകയുടെ 10% ആണ് സംരംഭകരുടെ വിഹിതം. പട്ടികജാതി–പട്ടികവർഗ്ഗക്കാർ, വനിത, പിന്നോക്ക വിഭാഗം, മത ന്യൂനപക്ഷങ്ങൾ, വിമുക്തഭടന്മാർ, വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് പ്രോജക്ട് തുക 5% മതി.

(ഇ) ഉണ്ട്. ബാക്കി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ മുഖേന (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)

## <u>വിദേശസഹായം ലഭിക്കുന്ന മത തീവ്രവാദ സംഘടനകൾ</u>

24. ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശസഹായം ലഭിക്കുന്ന മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം മത സാമൂഹ്യ സാംസ്ക്കരിക സംഘടനകൾക്കാണ് വിദേശസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സംഘടനകൾക്ക് ലഭിക്കുന്ന പണം തീവ്രവാദ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിന്റെ തീരദേശമേഖല തീവ്രവാദികളുടെ താവളം ആക്കാനുള്ള നീക്കം നടക്കുന്നതായ ഇന്റലിജൻസ് റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട സംഘടനകളുടെ പ്രവർത്തനം വഈണ്ടുെ സജീവമായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) മാറാട് സംഭവത്തിൽ നിരോധിക്കപ്പെട്ട ഏതെങ്കിലും സംഘടനയ്ക്ക് പങ്കുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ ;

(എച്ച്) നിരോധിക്കപ്പെട്ട മത–തീവ്രവാദ സംഘടനകളുമായി ബന്ധമുള്ള സംഘടനകളെ നിരോധിക്കുവാൻ സർക്കാർ തയ്യാറാകുമോ ;

(ഐ) ഇപ്പോൾ ഏതെല്ലാം തീവ്രവാദ സംഘടനകളെയാണ് നിറോധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ജെ) നിരോധിക്കപ്പെട്ട സംഘടനകളിൽ ഏതെങ്കിലും സംഘടനയെ പ്രസ്തുത സംഘടനകളുടെ ആവശ്യപ്രകാരം നിരോധനത്തിൽനിന്ന് നീക്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :–**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ഉണ്ട്.

(സി) പൂർണ്ണവിവരം ഉടനെ ലഭ്യമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ശ്രമം നടക്കുന്നുണ്ടോയെന്ന് നിരന്തരം നിരീക്ഷിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ജി) അത്തരം വിവരം ലഭിച്ചിട്ടില്ല.
(എച്ച്) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.
(ഐ) കേന്ദ്രസർക്കാർ 'സിമി' എന്ന സംഘടനയെ നിരോധിച്ചിട്ടുണ്ട്. എൽ.റ്റി.റ്റി.ഇ. തുടങ്ങിയ മറ്റു ചില സംഘടനകളേയും കേന്ദ്രസർക്കാർ നിരോധിച്ചിട്ടുണ്ട്.
(ജെ) 'സിമി' എന്ന സംഘടനയുടെ മേലുള്ള നിരോധനം നീക്കിയിട്ടില്ല.

## <u>സ്ഫോടനം നടത്താനുള്ള പദ്ധതി</u>

25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. യു.സി. രാമൻ :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:
(എ) ഭീകരവാദികൾ കേരളത്തിൽ നിരവധി സ്ഥലങ്ങളിൽ സ്ഫോടനം നടത്താൻ പദ്ധതിയിട്ടിട്ടുള്ളതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ;
(ബി) എങ്കിൽ ഇതു തടയാൻ രഹസ്യ പോലീസ് തീവ്രയത്നം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :-**
(എ) കേരളത്തിൽ ചില സ്ഥലങ്ങളിൽ സ്ഫോടനങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകളെപ്പറ്റി ലഷ്കർ-ഇ-തോയ്ബയുടെ ഒരു നേതാവ് ( ടി നേതാവ് മുംബൈ പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു) അന്വേഷണം നടത്തിയെന്ന വിവരം ലഭിച്ചതായി മുംബൈ പോലീസ് സംസ്ഥാന പോലീസിനെ അറിയിച്ചിട്ടുണ്ട്.
(ബി) സംസ്ഥാനത്ത് ഭീകരപ്രവർത്തനം തടയുന്നതിന് സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗം ജാഗരൂകരാണ്.

## <u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ചികിൽസാ സഹായങ്ങൾ മെച്ചപ്പെടുത്താൻ ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ</u>

26. ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:
(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സഹായങ്ങൾ മെച്ചപ്പെടുത്താൻ 'നബാർഡുമായി' ചേർന്ന് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;
(ബി) ഈ പദ്ധതി എന്നുമുതൽ പ്രാവർത്തികമാകും ;
(സി) സംസ്ഥാനമൊട്ടാകെ എത്ര ആശുപത്രികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും ;
(ഡി) ഈ പദ്ധതി എത്രകാലം തുടരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

**<u>ഉത്തരം</u>**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) നബാർഡിൽ നിന്നുള്ള ധനസഹായത്തോടുകൂടി വിവിധ ഗ്രമീണാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണം, ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ, എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.
(ബി) 2002-2003 സാമ്പത്തിക വർഷത്തിൽ നബാർഡിൽ നിന്നും 43 കോടി രൂപ ആരോഗ്യവകുപ്പിന് അനുവദിക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമീണമേഖലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ (435 എണ്ണം) നിർമ്മാണപ്രവർത്തനങ്ങൾക്കും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 49 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതാണ്.
(സി) ആദ്യഘട്ടമായി നബാർഡിന്റെ ഗ്രാമീണമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള ഫണ്ട് VII/(2002-2003) പ്രകാരം ധനസഹായത്തിനായി 435 സ്ഥാപനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 49 കോടിരൂപയുടെ പ്രോജക്ട്

പ്രൊപ്പോസലുകളാണ് നബാർഡിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിട്ടുള്ളത്. രണ്ടാം ഘട്ടമായ 2003–04 വർഷത്തിലെ നബാർഡ്–ആർ.ഐ.ഡി.എഫ് IX-ൽ ഉൾപ്പെടുത്തുന്നതിനായി 70 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. നബാർഡിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഇവയുടെ പ്രയോജനം എത്ര സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാവുകയുള്ളു.

(ഡി) നബാർഡിൽ സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചതിനുശേഷമേ ഈ പദ്ധതി എത്രകാലം തുടരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളു.

## <u>നദികളെ കൂട്ടിയിണക്കുന്ന പദ്ധതി</u>

27. ശ്രീ.എ.കെ. മണി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എൻ.ഡി. അപ്പച്ചൻ :

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ നദികളെ കൂട്ടിയിണക്കുന്ന പദ്ധതിയിൽ കേരളത്തിലെ നദികൾ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതെല്ലാം നദികൾ ഉൾപ്പെടുമെന്നും നദികൾ ഏത് വിധത്തിലാണ് ഈ പദ്ധതിയുമായി ബന്ധപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനം ഈ പദ്ധതിയ്ക്കുവേണ്ടി സാമ്പത്തിക സഹായമോ മറ്റേതെങ്കിലും തരത്തിലുള്ള സഹായമോ നൽകേണ്ടതായുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ എന്തു തുക ഈ ഇനത്തിൽ നൽകേണ്ടതായി വരും ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കേരളം ഈ പദ്ധതിയിൽ ഉൾപ്പെടുന്നപക്ഷം എവിടെനിന്നാണ് സംസ്ഥാനത്ത് വെള്ളം ലഭിക്കുന്നതെന്നും എത്ര വെള്ളം ലഭിക്കുന്നതെന്നും എത്ര വെള്ളം ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) &(ബി) രാജ്യത്തെ നദികളെ കൂട്ടിയിണക്കുന്ന പദ്ധതിയിൽ കേരളത്തിലെ നദികളായ പമ്പ– അച്ചൻകോവിൽ. എന്നിവയെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട ടാസ്ക്ഫോഴ്സിന്റെ ചെയർമാൻ ശ്രീ. സുരേഷ്പ്രഭു സംസ്ഥാനസർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിലുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) &(ഡി) പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

## <u>വൈറസ് ബാധമൂലം ഉണ്ടാകുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി</u>

28. ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈറസ് ബാധമൂലം ഉണ്ടാകുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും രോഗബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം വൈറസ് ബാധിത രോഗങ്ങളാണ് സംസ്ഥാനത്ത് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) വിവിധ വൈറസ് രോഗങ്ങൾ മൂലം സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷത്തിനകം എത്രപേർ മരണമടഞ്ഞിട്ടുണ്ട് ;

(ഡി) ഇങ്ങനെ മരണമടഞ്ഞ പാവപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) പ്രധാനപ്പെട്ട വൈറസ് രോഗങ്ങളുടെ നിർണ്ണയത്തിന് ആവശ്യമായ പ്രത്യേക സംവിധാനങ്ങൾ ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആവശ്യാനുസരണം മെഡിക്കൽ കോളേജുകളിലും രോഗബാധ കണ്ടുവരുന്ന ജില്ലകളിലെ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ചില വൈറസ് രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമല്ല എങ്കിലും രോഗലക്ഷണങ്ങൾ അനുസരിച്ചുള്ള പ്രത്യേക ചികിത്സാ സൗകര്യങ്ങൾ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്.

രോഗ നിരീക്ഷണ പരിപാടി എല്ലാ ജില്ലകളിലും തുടങ്ങിയിട്ടുണ്ട്. ഇവയിൽ പ്രത്യേകിച്ച് ഡങ്കിപ്പനി, ജപ്പാൻ ജ്വരം എന്നീ കൊതുകുജന്യ രോഗങ്ങൾ നിയന്ത്രിക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ ഉൾപ്പെട്ട സംസ്ഥാന കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രോഗങ്ങളെപ്പറ്റി ആവശ്യമായ വിവരങ്ങൾ ഡോക്ടർമാർക്കും മറ്റ് ആരോഗ്യപ്രവർത്തകർക്കും നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള വൈറസ് രോഗങ്ങൾ പ്രധാനമായും ഡെങ്കിപ്പനി, വൈറൽ ഹെപ്പാറ്റൈറ്റിസ്, ജപ്പാൻ ജ്വരം, മെനിൻജൈറ്റിസ്, മഞ്ഞപ്പിത്തം, എയ്ഡ്സ് എന്നിവയാണ്. കൂടാതെ മണ്ണൻ, മുണ്ടിനീര്, ചിക്കൻപോക്സ്, പേ വിഷബാധ എന്നീ രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2001–ൽ––31

2002–ൽ––51

(ഡി) പകർച്ചവ്യാധികൾ മൂലം മരണമടയുന്ന പാവപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതികളൊന്നും ആരോഗ്യവകുപ്പിൽ നിലവിലില്ല.

## <u>മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കുന്നതിനും നികത്തുന്നതിനുമുള്ള നടപടികൾ</u>

29. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാവിഭാഗം മേധാവികളുടേയും ഡോക്ടർമാരുടെയും കുറവുമൂലം മെഡിക്കൽ കോളേജ്, അനുബന്ധ ആശുപത്രികൾ എന്നിവയുടെ പ്രവർത്തനം തകരാറിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം നേരിടാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം കാലതാമസം ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) വർഷംതോറും മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഒഴിവുവരുന്ന ചികിത്സാവിഭാഗം മേധാവികളുടേയും, ഡോക്ടർമാരുടേയും ഒഴിവുകൾ കാലേകൂട്ടി കണക്കാക്കുന്നതിനും അത്തരം ഒഴിവുകൾ ഉടൻ നികത്തുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) മെഡിക്കൽ കോളേജാശുപത്രികളുടെയും അനുബന്ധ ആശുപത്രികളുടെയും പ്രവർത്തനം അല്പംപോലും തകരാറിലല്ല.

(ബി) പഠനം നടത്തിയിട്ടില്ല. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്.

(സി) യഥാസമയം ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി)കൾ ചേർന്ന് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പ്രമോഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. നേരിട്ട് നിയമനം നടത്തേണ്ടതായ തസ്തികകളിൽ അതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>ഡോക്ടർ സ്വാമിനാഥൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ</u>**

30. ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലോകവ്യാപാര കരാറിന്റെയും ബന്ധപ്പെട്ട വ്യാപാര നിയന്ത്രണങ്ങളുടേയും പ്രത്യാഘാതങ്ങൾ പഠിക്കുവാൻ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോക്ടർ സ്വാമിനാഥൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്നും ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്താണെന്നും വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ശുപാർശകളിൻമേൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു.

കേന്ദ്രതലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന് സംസ്ഥാനസർക്കാർ നിവേദനം നൽകുകയും ബന്ധപ്പെട്ട മന്ത്രിമാർക്ക് കത്തുകളയയ്ക്കുകയും ചെയ്തു. കയറും റബ്ബറും കാർഷികോല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുക, കാപ്പി, തേയില, പാമോയിൽ തുടങ്ങിയവയുടെ ഇറക്കുമതി തീരുവ ഡബ്ള്യൂ.ടി.ഒ. നിബന്ധിത നിരക്കിലേക്കുയർത്തുക, തോട്ടം മേഖലയിലെ തൊഴിൽസ്ഥിരതയ്ക്കും വേതനത്തിന്റെ ഒരു ഭാഗം ഭക്ഷ്യധാന്യമായി നൽകുന്നതിനു ഗ്രാമീണ സമ്പൂർണ്ണ റോസ്ഗാർ യോജനയിലുൾപ്പെടുത്തി ധാന്യം അനുവദിക്കുക, ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കുക, പ്രധാനപ്പെട്ട വിളകളെ ദേശീയവിള ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കുവേണ്ടി കേന്ദ്രത്തിന് എഴുതിയിട്ടുണ്ട്. കാർഷിക വ്യാപാര അഭിവൃദ്ധിക്കുവേണ്ടി വെർചർ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് കാർഷിക യൂണിവേഴ്സിറ്റി തയ്യാറാക്കി നൽകിയ പ്രോജക്ട് പരിശോധിച്ചുവരുന്നു.

മലബാർ കുരുമുളകിന് ജിയോഗ്രാഫിക് ഇൻഡിക്കേഷന്റെ സംരക്ഷണം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് ശുപാർശ നൽകാൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

ഏത്തയ്ക്കാ, പൈനാപ്പിൾ, തെരഞ്ഞെടുക്കപ്പെട്ട പച്ചക്കറികൾ തുടങ്ങിയവയ്ക്കുള്ള കയറ്റുമതിമേഖലയ്ക്ക് കേന്ദ്രാനുമതി തേടുകയും ഇവ നടപ്പാക്കാൻ തുടർ നടപടികൾ കൈക്കൊണ്ടുവരികയുമാണ്. ഇതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 287 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഔഷധ സസ്യങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയവയ്ക്കുകൂടി കയറ്റുമതി മേഖല നേടാനുള്ള നടപടികൾ പ്രാരംഭമിട്ടിട്ടുണ്ട്. കേരളത്തിലെ വിളകളെ ആഗോളതലത്തിൽ മൽസരിക്കുന്നതിന് പ്രാപ്തമാക്കാൻ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജൈവസാങ്കേതിക വിദ്യ, വിവര സാങ്കേതിക വിദ്യ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് ശുപാർശകൾ നൽകാൻ ഡോക്ടർ വി.എൻ. ചോപ്ര കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽനടപടികൾ ആരംഭിക്കുകയും ചെയ്തു.

വെർചർ യൂണിവേഴ്സിറ്റി സ്ഥാപിക്കൽ, ഹെർബൽബയോവാലി ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം ലഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങി ഡോക്ടർ സ്വാമിനാഥൻ കമ്മിഷന്റെ വിവിധ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്ഥായിയായ കാർഷിക വ്യാപാര സുരക്ഷാ സംവിധാനമൊരുക്കുന്നതിനായി 120 ലക്ഷം രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

റിപ്പോർട്ടിലെ മറ്റു നിർദ്ദേശങ്ങളും ശുപാർശകളും പരിശോധിച്ചുവരികയാണ്. ഇതിനുവേണ്ടി ചീഫ്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര സമിതിയും രൂപീകരിച്ചു. ഈ കമ്മിറ്റിയിലെ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് അവ അംഗീകരിച്ച് മേൽ നടപടി സ്വീകരിക്കുന്നതിന് മന്ത്രിസഭയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. മന്ത്രിസഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

*******************